വിദ്യാലയങ്ങളിൽ കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ നടപടി

8 (*686) ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി. കെ. കുമാരൻ :
ശ്രീ. എം. ദാസൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബഹുഭൂരിപക്ഷം വിദ്യാലയങ്ങളിലും കുട്ടികൾക്ക് പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ വളരെ കുറവാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണമോ, പഠനമോ നടത്തിയിട്ടുണ്ടോ ;

(സി) ഈ പോരായ്മ ഒഴിവാക്കാൻ സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓല മേഞ്ഞ സ്കൂൾ ഷെഡുകൾ മാറ്റി പകരം സംവിധാനം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സ്കൂൾതലത്തിൽ നടത്തിവരുന്ന ഉച്ചഭക്ഷണ വിതരണം കുറ്റമറ്റതാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്)

(എ) ചില സ്കൂളുകളിൽ സൗകര്യം കുറവാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ പത്താം ധനകാര്യ കമ്മീഷന്റെ അംഗീകാരം ലഭിച്ചതനുസരിച്ച് യു. പി. സ്കൂളുകളിലെ പെൺകുട്ടികൾക്കു വേണ്ടിയുള്ള ടോയിലറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി 1996-97 വർഷം മുതൽ 1999-2000 വർഷം വരെ തുക അനുവദിച്ചിട്ടുണ്ട്.

(ഡി & ഇ) ജനകീയാസൂത്രണത്തിന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ വകുപ്പുതലത്തിലും വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly